"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി- അനധികൃത ചൈനാ ക്ലേ ഖനനം ചെയ്തതിന് കേരള സിറാമിക്സ് ലിമിറ്റഡിന്, കൊല്ലം ജില്ലാ ജിയോളജിസ്റ്റ് നൽകിയ ഡിമാന്റ് നോട്ടീസിലെ പിഴയിനത്തിലുള്ള അധിക റോയൽറ്റി ഒഴിവാക്കിയും, ധാതുവിന്റെ റോയൽറ്റിയും, പിഴയിനത്തിൽ 1000/- രൂപയും ഉൾപ്പെടെ 10,63,550/- രൂപയായി നിജപ്പെടുത്തി ഒടുക്കുന്നതിന് കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം-108(2) ൽ ഇളവു വരുത്തി കേരള സിറാമിക്സ് ലിമിറ്റഡിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1024/2024/ID തീയതി,തിരുവനന്തപുരം, 19-10-2024

---

പരാമർശം:-

1. 03.02.2024 ലെ കൊല്ലം ജില്ലാ ജിയോളജിസ്റ്റിന്റെ 2397/DOQ/S1/2020 നമ്പർ ഡിമാന്റ് നോട്ടീസ്.
2. 27.02.2024-ലെ കേരള സിറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ TKCL/MD/Mines/ 1092/ 2023-24 നമ്പർ കത്ത്.
3. 15.04.2024 ലെ മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ DMG/233/2022-M1 നമ്പർ കത്ത്.

ഉത്തരവ്

പൊതുമേഖലാ സ്ഥാപനമായ കേരളാ സിറാമിക്സ് ലിമിറ്റഡ്, കുണ്ടറ, കൊല്ലം എന്ന കമ്പനിയുടെ സർവ്വേ നമ്പർ 392/1 ൽ പ്പെട്ട 4.6562 ഹെക്ടർ സ്ഥലത്ത് നിലവിലുണ്ടായിരുന്ന മൈനിംഗ് ലീസിന്റെ കാലാവധി 14/11/2022-ൽ അവസാനിച്ചിരുന്നു. പുതിയ മൈനിംഗ് ലീസ് ലഭിക്കുന്നതിനുള്ള നടപടികൾക്കായി പഴയ ലീസിന്റെ Closure plan അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ നടത്തിയ സ്ഥപരിശോധനയിൽ അനധികൃതമായി ഖനനം നടത്തിയിട്ടുള്ള 21251 മെ.ടൺ ചൈനാ ക്ലേയുടെ റോയൽറ്റി(21251*50=10,62,550), വില(21251*100=21,25,100) ഇനത്തിൽ 31,87,650/- രൂപയും പിഴ ഇനത്തിൽ 3,00,000/- രൂപയും ചേർത്ത് ആകെ 34,87,650/- (മുപ്പത്തിനാലു ലക്ഷത്തി എൺപത്തിഏഴായിരത്തി അറുനൂറ്റി അൻപത് രൂപ) രൂപ ഒടുക്കുന്നതിന് കൊല്ലം ജിയോളജിസ്റ്റ് പരാമർശം(1) പ്രകാരം ഡിമാന്റ് നോട്ടീസ് നൽകിയിരുന്നു.

2.മേൽ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുകയിൽ ഇളവുവരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള സിറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. മുൻ കാലത്ത് ലീസ് ഏരിയയ്ക്ക് ചുറ്റും പില്ലറുകൾ ഇല്ലാത്തതിനാൽ ലീസ് അതിർത്തി വേർതിരിച്ചറിയുവാൻ കഴിയുമായിരുന്നില്ല. പ്രസ്തുത ക്ലേ 2018-ലെ അതിശക്തമായ മഴയിൽ ഫാക്ടറിയിൽ നിന്നൊഴുകിയ വെള്ളം മൂലം മൈൻ ഏരിയയോട് ചേർന്ന് ഫാക്ടറിയുടെ വടക്കുവശത്തുള്ള കമ്പനി സ്ഥലം ഇടിഞ്ഞുവീണിടത്തുനിന്നും മാറ്റപ്പെട്ടിട്ടുള്ളതാണ്. ആയത് കമ്പനിക്ക് ഉപയോഗപ്രദമായ രീതിയിൽ പ്രകൃതി സമ്പത്ത് നഷ്ടപ്പെടുത്താതെ കമ്പനിയുടെ പ്രവർത്തനത്തിന് ഉപയോഗിക്കുകയായിരുന്നു. 21251 മെ.ടൺ ക്ലേയുടെ റോയൽറ്റി സർക്കാർ നിർദ്ദേശാനുസരണം അടയ്ക്കാമെന്നൊരു സത്യവാങ്മൂലം ജില്ലാ ജിയോളജിസ്റ്റിന് നൽകിയതിനെ തുടർന്നാണ് മൈനിംഗ് പ്ലാൻ അംഗീകരിക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നത്. പുതിയ ലീസ് ലഭിക്കാത്ത സാഹചര്യത്തിൽ കമ്പനിയുടെ ഉൽപ്പാദനവും വിപണനവും വളരെ കുറയുകയും കമ്പനിയുടെ ദൈനംദിന ചെലവുകൾക്ക് ബുദ്ധിമുട്ടുന്ന സാഹചര്യമാണുള്ളതെന്നും, മൈനിംഗ് ലീസ് ലഭിക്കുന്നതിന് SEAC യുടെ അപ്രൂവൽ അനിവാര്യമാണെന്നും, SEAC യുടെ അപ്രൂവൽ ലഭിക്കുന്നതിന് വേണ്ടി Closue Plan ന്റെ അംഗീകാരവും ആയതിലേക്കായി റോയൽറ്റി ഡിമാന്റിന് തീർപ്പുണ്ടാക്കേണ്ടതുണ്ട്. ആയതിനാൽ 21251 മെ.ടൺ ക്ലേയുടെ അധിക

റോയൽറ്റി(വില)യും പെനാൽറ്റിയും ഒഴിവാക്കി നിലവിലെ റോയൽറ്റി പ്രകാരമുള്ള 10,62,550/-രൂപ (21251*50) അടയ്ക്കുവാനുള്ള അനുമതി നൽകിയാൽ കമ്പനിക്ക് ഉടൻ തന്നെ അടയ്ക്കുവാൻ സാധിക്കുമെന്നും, ആയതിനുള്ള അനുമതി നൽകണമെന്നും കേരളാ സിറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3.അനുവദിച്ച അളവിന് ഉപരിയായി ഖനനം ചെയ്തത് മൂലം സർക്കാരിനു നഷ്ടപ്പെട്ടിട്ടുള്ളത് റോയൽറ്റി ആണ്. റോയൽറ്റിയുടെ മൂന്നിരട്ടി(ഇപ്പോൾ അഞ്ചിരട്ടി) തുക ഇടാക്കുന്നത്, നടത്തിയ അനധികൃത പ്രവർത്തിയുടെ പെനാൽറ്റി എന്ന നിലയ്ക്കാണ്. അപ്രകാരം പരിശോധിക്കുകയാണെങ്കിൽ ഒരു പൊതുമേഖലാ സ്ഥാപനമെന്ന നിലക്ക് സർക്കാരിനു വരുത്തി വെച്ച റോയൽറ്റി നഷ്ടം ഈടാക്കി, പെനാൽറ്റി തുകയിൽ നിന്നും ടി സ്ഥാപനത്തെ ഒഴിവാക്കുവാനുള്ള സാധ്യത സർക്കാർ തലത്തിൽ പരിശോധിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം മൈനിംഗ് & ജിയോളജി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സിറാമിക്സ് ലിമിറ്റഡ് ഒരു പൊതുമേഖലാ സ്ഥാപനമാണെന്ന കാര്യം പരിഗണിച്ചുകൊണ്ടും, കോവിഡ് പ്രതിസന്ധി മൂലം വിപണിയിൽ ഉണ്ടായ അനിശ്ചിതത്വം കാരണം സ്ഥാപനം നേരിട്ട പ്രതിസന്ധി മറികടക്കുന്നതിനുള്ള സമയമാകയാലും, ഇക്കാര്യത്തിലുള്ള കേരള സിറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ വിശദീകരണം പരിഗണിച്ച്, ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ, ചട്ടം 108(2)— ൽ ഇളവ് വരുത്തി, കൊല്ലം ജില്ലാ ജിയോളജിസ്റ്റ് നൽകിയ പരാമർശം(1) ഡിമാന്റ് നോട്ടീസിലെ പിഴയിനത്തിലുള്ള അധിക റോയൽറ്റി ഒഴിവാക്കികൊണ്ടും, ലീസ് ഏരിയയ്ക്ക് പുറത്തു നിന്നും ഖനനം നടത്തിയതായി കണ്ടെത്തിയ 21251 മെ.ടൺ ധാതുവിന് റോയൽറ്റിയായ 10,62,550/- രൂപയും, അധികമായി ഖനനം നടത്തിയതിനാൽ പിഴയിനത്തിൽ 1000/- രൂപയും ഉൾപ്പെടെ 10,63,550/-(പത്ത് ലക്ഷത്തി അറുപത്തിമൂവായിരത്തി അഞ്ഞൂറ്റി അൻപത്) രൂപയായി നിജപ്പെടുത്തി ഒടുക്കുന്നതിന് കേരള സിറാമിക്സ് ലിമിറ്റഡിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സിറാമിക്സ് ലിമിറ്റഡ്, കുണ്ടറ, കൊല്ലം-691501
ജില്ലാ ജിയോളജിസ്റ്റ്, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 22-10-2024 11:46:12